# 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 818** **29-08-2022 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിലെ പാർപ്പാംകോട് കോളനിയുടെ ശോചനീയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പിറവം നിയോജക മണ്ഡലത്തിലെ എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിലെ പാർപ്പാംകോട് കോളനിയുടെ ശോചനീയാവസ്ഥ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പരിശോധിച്ചിട്ടുണ്ട്.<br><br>എടക്കാട്ടുവയൽ പഞ്ചായത്തിൽ ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം 86 പട്ടികവർഗ്ഗകുടുംബങ്ങൾക്ക് ആറ് സെന്റ് സ്ഥലം വീതം അനുവദിച്ചിരുന്നു. 86 പ്ലോട്ടുകളിൽ 63 പ്ലോട്ടുകളിലാണ് വീട് നിർമ്മാണം ആരംഭിച്ചത്. ആയതിൽ 38 വീടുകൾ കുടുംബശ്രീ കൺസ്ട്രക്ഷൻസും, 25 വീടുകൾ ഗുണഭോക്താക്കൾ നേരിട്ടുമാണ് നിർമ്മിക്കുന്നത്. കുടുംബശ്രീ കൺസ്ട്രക്ഷൻസ് ഏറ്റെടുത്ത 38 വീടുകളും ഗുണഭോക്താക്കൾ നേരിട്ടു നിർമ്മിക്കുന്ന 7 വീടുകളും ചേർത്ത് 45 വീടുകളാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്. ടി പദ്ധതി പ്രദേശത്ത് 2014-ൽ പട്ടികവർഗ്ഗ വികസന വകുപ്പ്, ഒരു വീടിന് രണ്ടരലക്ഷം രൂപ നിരക്കിൽ 350 സ്ക്വയർഫീറ്റിൽ ആദ്യഘട്ടത്തിൽ ഓട് മേഞ്ഞ് നിർമ്മിച്ച ഒൻപത് വീടുകളാണ് പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയത്. ടി വീടുകളുടെ നിർമ്മാണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിലവിലുള്ള കൺസ്ട്രക്ഷൻ പ്രകാരം ചെയ്യാൻ സാധിക്കുന്നതും ഗുണഭോക്താക്കളുടെ അഭിപ്രായവും പരിഗണിച്ച് അടിയന്തിരമായി ചെയ്യേണ്ട അറ്റകുറ്റപ്പണികൾ കുടുംബശ്രീ കൺസ്ട്രക്ഷൻസ് ചെയ്ത് നൽകിയിട്ടുള്ളതുമാണ്. പിന്നീട് മൂന്നര ലക്ഷം നിരക്കിൽ രണ്ട് ഘട്ടങ്ങളിലായി 19 ഉം, 10 ഉം വീടുകൾ വീതം കുടുംബശ്രീ കൺസ്ട്രക്ഷൻസ് പൂർത്തീകരിച്ചിട്ടുണ്ട്. ടി വീടുകളുടെ പ്ലാസ്റ്ററിംഗിൽ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളനിയിൽ ആദിവാസി ക്ഷേമ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ഭവനങ്ങൾ പലതും വാസയോഗ്യമല്ലെന്ന് പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ കണക്കുകൾ വിശദമാക്കാമോ; | (ബി) | പരിശോധിച്ചിട്ടുണ്ട്.<br><br>എടക്കാട്ടുവയൽ പഞ്ചായത്തിൽ ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം 86 പട്ടികവർഗ്ഗകുടുംബങ്ങൾക്ക് ആറ് സെന്റ് സ്ഥലം വീതം അനുവദിച്ചിരുന്നു. 86 പ്ലോട്ടുകളിൽ 63 പ്ലോട്ടുകളിലാണ് വീട് നിർമ്മാണം ആരംഭിച്ചത്. ആയതിൽ 38 വീടുകൾ കുടുംബശ്രീ കൺസ്ട്രക്ഷൻസും, 25 വീടുകൾ ഗുണഭോക്താക്കൾ നേരിട്ടുമാണ് നിർമ്മിക്കുന്നത്. കുടുംബശ്രീ കൺസ്ട്രക്ഷൻസ് ഏറ്റെടുത്ത 38 വീടുകളും ഗുണഭോക്താക്കൾ നേരിട്ടു നിർമ്മിക്കുന്ന 7 വീടുകളും ചേർത്ത് 45 വീടുകളാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്. ടി പദ്ധതി പ്രദേശത്ത് 2014-ൽ പട്ടികവർഗ്ഗ വികസന വകുപ്പ്, ഒരു വീടിന് രണ്ടരലക്ഷം രൂപ നിരക്കിൽ 350 സ്ക്വയർഫീറ്റിൽ ആദ്യഘട്ടത്തിൽ ഓട് മേഞ്ഞ് നിർമ്മിച്ച ഒൻപത് |

| | | | |
|---|---|---|---|
| | | | വീടുകളാണ് പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയത്. ടി വീടുകളുടെ നിർമ്മാണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിലവിലുള്ള കൺസ്ട്രക്ഷൻ പ്രകാരം ചെയ്യാൻ സാധിക്കുന്നതും ഗുണഭോക്താക്കളുടെ അഭിപ്രായവും പരിഗണിച്ച് അടിയന്തിരമായി ചെയ്യേണ്ട അറ്റകുറ്റപ്പണികൾ കുടുംബശ്രീ കൺസ്ട്രക്ഷൻസ് ചെയ്ത് നൽകിയിട്ടുള്ളതുമാണ്. പിന്നീട് മൂന്നര ലക്ഷം നിരക്കിൽ രണ്ട് ഘട്ടങ്ങളിലായി 19 ഉം, 10 ഉം വീടുകൾ വീതം കുടുംബശ്രീ കൺസ്ട്രക്ഷൻസ് പൂർത്തീകരിച്ചിട്ടുണ്ട്. ടി വീടുകളുടെ പ്ലാസ്റ്ററിംഗിൽ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | നിർമ്മാണത്തിൽ ഉണ്ടായ അപാകത പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കുറ്റക്കാരായവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (സി) | നിർമ്മാണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് നിലവിലുള്ള കൺസ്ട്രക്ഷൻ പ്രകാരം ചെയ്യാൻ സാധിക്കുന്നതും ഗുണഭോക്താക്കളുടെ അഭിപ്രായവും പരിഗണിച്ച് അടിയന്തിരമായി ചെയ്യേണ്ട അറ്റകുറ്റപ്പണികൾ കുടുംബശ്രീ കൺസ്ട്രക്ഷൻസ് ചെയ്ത് നൽകിയിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് കുടുംബശ്രീയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ഡി) | എടയ്ക്കാട്ടു വയൽ പഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 118.4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കോളനിയിലെ പാർക്കിന്റെ ശോചനീയാവസ്ഥ പരിഹരിച്ച് പാർക്ക് പ്രവർത്തിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ഇ) | മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്താണ് ചിൽഡ്രൻസ് പാർക്കിന്റെ പ്രവൃത്തി നടത്തി വരുന്നത്. പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിന് മുളന്തുരുത്തി ബ്ലോക്കിന് നിർദ്ദേശം നൽകുന്നതാണ്. |
| (എഫ്) | 2011 മുതൽ 2022 മാർച്ച് വരെ പ്രസ്തുത കോളനിയുടെ നവീകരണനത്തിനായി അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ പദ്ധതിയടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (എഫ്) | 2011 മുതൽ 2022 മാർച്ച് വരെ പ്രസ്തുത കോളനിയുടെ നവീകരണത്തിനായി അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു. |

| **പദ്ധതി** | **അനുവദിച്ച തുക (രൂപ)** | **ചെലവഴിച്ച തുക (രൂപ)** |
|---|---|---|
| ഇന്റേണൽ റോഡ് നിർമ്മാണം PWD | 31,00,000/- | 20,66,161/- |
| വൈദ്യുതീകരണം K.S.E.B | 13,28,627/- | 13,28,627/- |
| ഭൂഗർഭ ജല പദ്ധതി (കുഴൽ കിണർ, പമ്പ് ഹൗസ് നിർമ്മാണം) | 8,51,750/- | 8,28,118/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | കുടുംബശ്രീ ഭവന പദ്ധതി - 38 വീട്ടുകൾ | 1,21,37,500/- | 1,21,37,500/- |
| | | | | വ്യക്തിഗത ഭവനപദ്ധതി - 25 വീട്ടുകൾ | 84,57,500/- | 84,57,500/- |

സെക്ഷൻ ഓഫീസർ